(3) ഗ്രൂപ്പ് ഹൗസിംഗ് സ്കീമിന് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം

ശ്രീ. വി. കേശവൻ : സർ, നമ്മുടെ സംസ്ഥാനത്ത് എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. വീടുപദ്ധതികളനുസരിച്ചുള്ള ഗ്രൂപ്പ് ഹൗസിംഗിന് ഇപ്പോഴും 6,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ 6,000 രൂപ കൊണ്ട് വീടിന്റെ പണി പൂർത്തിയാക്കാൻ കഴിയുകയില്ലായെന്ന് ഡിപ്പാർട്ടുമെന്റിനും അതുപോലെതന്നെ ഗവൺമെന്റിനുമെല്ലാം അറിയാവുന്ന ഒരു സംഗതിയാണ്. 10,000 രൂപയെങ്കിലുമില്ലാതെ വീടിന്റെ പണി പൂർത്തിയാവുകയില്ല. ഈ 6,000 രൂപ കഴിച്ച് ബാക്കി 4,000 രൂപ ഹരിജനങ്ങളായിട്ടുള്ളവരും ഗുർബ്ബലരായിട്ടുള്ള മറ്റ് സാമ്പത്തിക ശേഷിയില്ലാത്തവരും പല പ്പോഴും കടം വാങ്ങിച്ചാണ് വീട് പണിയുന്നത്. ഇതിന്റെ ഫലമായിട്ട് നമ്മുടെ സംസ്ഥാനത്ത് അടിമവേല സമ്പ്രദായം അവസാനിപ്പിച്ചുകൊണ്ടു വരുകയാണെങ്കിലും ഒരു പുതിയ രൂപത്തിൽ അത് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ കടം വാങ്ങിക്കുന്ന ആളുകൾ രണ്ടുമൂന്നു വർഷം ജോലി ചെയ്ത് കൊടുത്തിട്ട് കടം വീട്ടുകയാണ് പതിവ്. അതുകൊണ്ട് ഈ 6,000 രൂപയുടെ വീടുപദ്ധതിയെ സംബന്ധിച്ചിടത്തോളം 10,000 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം. ഇപ്പോഴും 6,000 രൂപയിൽ 40 ശതമാനം ഗോതമ്പാണ് കൊടുക്കുന്നത്. ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ പ്രധാന ആഹാരം അരിയാണ്. അതുകൊണ്ട് ഈ ഗോതമ്പ് മാറ്റി പകരം അരി കൊടുക്കണമെന്നും തുക 6,000-ത്തിൽ നിന്ന് 10,000 രൂപയാക്കി വർദ്ധിപ്പിച്ചു കൊടുക്കണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ട് അത് നേടിയെടുക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടും ഞാൻ അഭ്യർത്ഥിക്കുകയാണ്.

സാമൂഹ്യ വികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എൻ.ആർ.ഇ.പി. പദ്ധതി പ്രകാരം 9,795 വീടുകളും ആർ.എൽ.ഇ.ജി.പി. പദ്ധതി പ്രകാരം 18,690 വീടുകളും ഉൾപ്പെടെ മൊത്തം 28,485 വീടുകളുടെ പണി ആരംഭിച്ചിട്ടുണ്ട്. അതിൽ 18,000-ത്തിലധികം വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. ബാക്കി വീടുകളുടെ പണികൾ വിവിധ സ്റ്റേജുകളിൽ നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ 6,000 രൂപക്ക് വീടിന്റെ പണി തീരുകയില്ലായെന്നുള്ള പരാതികൾ എനിക്കും കിട്ടിയിട്ടുണ്ട്. പക്ഷേ നമ്മുടെ സംസ്ഥാനത്ത് വിവിധ ഭവനനിർമ്മാണ പദ്ധതികൾക്കു ഒരു യൂണിഫിക്കേഷൻ നിശ്ചയിച്ചിട്ടുണ്ട്. ഹഡ്കോ പ്ലാൻ അനുസരിച്ച് ഗ്രൂപ്പ് ഹൗസിംഗ് പദ്ധതികൾ, എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. വഴിയുള്ള ഹൗസിംഗ് പദ്ധതികൾ കേന്ദ്രഗവൺമെന്റ് എല്ലാ സംസ്ഥാനങ്ങളിലും ആരംഭിക്കുകയും, നമ്മുടെ ഈ സ്കീം മോഡലായി എടുത്തുകൊണ്ട് 'ഇന്ദിരാ ആവാസയോജന' എന്ന ഒരു പുതിയ സ്കീം തന്നെ ഇന്ത്യാ ഗവൺമെന്റ് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുകയാണ്. ഇപ്പോഴുള്ള ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ആ കാര്യത്തിൽ അവർ അനുകൂലമല്ല. ഗോതമ്പിന്റെ കാര്യം പറഞ്ഞു, 1-4-1986 മുതൽ ഗ്രൂപ്പ് ഹൗസിംഗ് പദ്ധതിക്ക് ഗോതമ്പിനു പകരം അരി കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly